II ഇ.ബി. XIII- കേരള നിയമസഭ/XIV-18

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 27, തിങ്കൾ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

47 (*541) സ്കൂളുകളിലെ അക്കാദമിക നിലവാരം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളുടെ ഗുണനിലവാരം ഉയർത്തി കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി 'ഫോക്കസ് 2015' എന്ന സമഗ്ര പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നതായി സഭയെ അറിയിച്ചു. വിദ്യാലയങ്ങളിലെ ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക; സാമൂഹ്യ ഇടപെടലുകൾ വിദ്യാലയ മികവിനായി ഉപയോഗപ്പെടുത്തുക; അദ്ധ്യാപകശേഷി വികസനത്തിന് സഹായകമായ

പ്രവർത്തനങ്ങൾ ഏറ്റെടുക്കുക; ഫലപ്രദമായ അധ്യാപന പ്രക്രിയ ഉറപ്പാക്കുക; കുട്ടികളുടെ ആരോഗ്യപരവും സുരക്ഷിതത്വപരവുമായ കാര്യങ്ങൾ ശ്രദ്ധിക്കുക; സങ്കലിത വിദ്യാഭ്യാസം ഫലപ്രദമാണെന്ന് ഉറപ്പുവരുത്തുക; കൃത്യമായ വിലയിരുത്തലുകളിലൂടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലെയും എൽ.എസ്.ജി/പി.ടി.എ അംഗങ്ങൾക്ക് ഓറിയന്റേഷൻ ട്രെയിനിംഗ് നൽകുകയും സ്കൂൾ ഡവലപ്മെന്റ് പ്ലാൻ ഉണ്ടാക്കി മോണിട്ടറിംഗ് നടത്തുകയും ചെയ്ത് സ്കൂളുകളുടെ ഗുണനിലവാരം ഉയർത്തിയതിലൂടെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. കാലഘട്ടത്തിനനുസൃതമായി സ്കൂൾ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പഠനത്തോടൊപ്പം തൊഴിൽ നൈപുണ്യവും വളർത്തുന്നതിനായി ഹയർ സെക്കന്ററി/കോളേജ് തലങ്ങളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നുണ്ട്. ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷിന്റെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിവരുന്നുണ്ട്. അദ്ധ്യാപക പാക്കേജ് വഴിയും പി.എസ്.സി. മുഖാന്തിരവും ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി

സ്വീകരിക്കുന്നതാണ്. സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ആദ്യഘട്ടം 57 മണ്ഡലങ്ങളിൽ നടപ്പിലാക്കിവരികയാണ്. പി.റ്റി.എ./എം.എൽ.എ. ഫണ്ടുപയോഗിച്ച് ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ബസ് വാങ്ങുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി സ്കൂൾതലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ചതിനുപുറമെ കുട്ടികളിലെ സർഗ്ഗവാസനയും കായിക ക്ഷമതയും വളർത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്. ദുബായിലെ ഫൈസൽ & ഷബാന ഫൗണ്ടേഷന്റെ ധനസഹായത്തോടെ 100 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

48 (*542) <u>സ്വകാര്യ സർവ്വകലാശാല</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായി സ്വകാര്യ സർവ്വകലാശാല ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി എം.ജി.

സർവ്വകലാശാലാ മുൻ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സിറിയക് തോമസ് ചെയർമാനായ സമിതിയെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം മികച്ച നിലയിലാണ് മുന്നോട്ടുപോകുന്നത്. ഇന്ത്യയിലാകെ 213 സ്വകാര്യ സർവ്വകലാശാലകൾ പ്രവർത്തിക്കുന്നതിൽ 39 എണ്ണം രാജസ്ഥാനിലാണെന്ന് നിരീക്ഷിച്ച മന്ത്രി സംസ്ഥാനത്തിന്റെ വികസന പാതയിൽ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റം ഉൾക്കൊണ്ടുകൊണ്ട് സമവായത്തിലൂടെ മുന്നോട്ടുപോകുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് വ്യക്തമാക്കി.

49 (*543) ഡി.സി. സ്യൂട്ട് പദ്ധതി

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, ഫയൽ പ്രോസസിംഗും ഫയൽ ട്രാക്കിംഗും വേഗത്തിലാക്കി കൂടുതൽ സുതാര്യത ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം ഒഴികെയുള്ള ജില്ലാ കളക്ടേറ്റുകളിൽ ഡി.സി. സ്യൂട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പ്രസ്തുത സംവിധാനത്തിന്റെ

ന്യൂനതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത ജില്ലകളിൽ 'ഇ-ഓഫീസ് ഓൺലൈൻ ഫയൽ പ്രോസസിംഗ് സംവിധാനം' നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ആധുനിക കാലഘട്ടത്തിനനുസൃതമായ പ്രവർത്തനങ്ങൾ ഇ-ഓഫീസ് സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിനും ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ ആവശ്യമായ പരിശീലനം നൽകുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നതായി ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

50 (*544) ഓണം, റംസാൻ ചന്തകൾ

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ആഗസ്റ്റ് 10 മുതൽ ഓണച്ചന്തകൾ ആരംഭിക്കുന്നതാണെന്നും ബി.പി.എൽ. കിറ്റ്, സ്പെഷ്യൽ പഞ്ചസാര തുടങ്ങി കഴിഞ്ഞ വർഷം നൽകിയ എല്ലാ ആനുകൂല്യങ്ങളും ഈ വർഷവും നൽകുന്നതാണെന്നും വിലവർദ്ധന പിടിച്ചുനിർത്തുന്നതിനായി സപ്ലൈകോയ്ക്ക് 64 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് റംസാൻ ചന്തകൾ

കൃത്യസമയത്തുതന്നെ സംഘടിപ്പിച്ചിട്ടുണ്ട്. വിതരണ ഏജൻസികൾക്ക് കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായിട്ടാണ് ഓണം, റംസാൻ ചന്തകൾ സംഘടിപ്പിക്കുന്നതെന്നും ഗുണനിലവാരമുള്ള സാധനങ്ങളാണ് സപ്ലൈകോ വഴി വിതരണം ചെയ്യുന്നതെന്നും സപ്ലൈകോയുടെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമാണെന്നും മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5062 മുതൽ 5347 വരെയുള്ള ചോദ്യങ്ങളിൽ 17 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *